**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5704** **16-03-2023 - ൽ മറുപടിയ്ക്ക്**

**പോലീസ് സ്റ്റേഷനിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ പോലീസ് സ്റ്റേഷനുകൾക്ക് മുമ്പിലും പാതയോരങ്ങളിലും നിർത്തിയിടുന്നതുമൂലം അപകടമുണ്ടാകുന്നതും ഗതാഗത തടസ്സങ്ങൾ ഉണ്ടാകുന്നതും അടുത്ത കാലത്തായി കൂട്ടത്തോടെ കത്തി നശിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഡമ്പിംഗ് യാർഡിലും മറ്റും സൂക്ഷിച്ചിരുന്ന വാഹനങ്ങൾ കത്തി നശിച്ചതുമായി ബന്ധപ്പെട്ട് 7 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| (ബി) | പ്രസ്തുത വാഹനങ്ങൾ നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ? | (ബി) | സർക്കാർ പുറപ്പെടുവിച്ച 11.09.2018 ലെ (പി) 60/2018/ആഭ്യന്തരം നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വിവിധ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ കൃത്യമായ ഇടവേളകളിൽ MSTC പ്ലാറ്റ്ഫോം മുഖേന ഓൺലൈനായി ലേലം ചെയ്ത് വരുന്നു. വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കി ഡിസ്പോസൽ വേഗത്തിലാക്കുന്നതിനായി Upset value കുറച്ച് നിശ്ചയിക്കുന്നതിനുള്ള അധികാരം മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർക്കും ചീഫ് എൻജിനീയർക്കും ഏൽപ്പിച്ച് നൽകി 14.11.2022 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പിടിച്ചെടുത്ത വാഹനങ്ങളുടെ സമയബന്ധിതമായ ഡിസ്പോസൽ ചീഫ് സെക്രട്ടറി തലത്തിലുള്ള യോഗത്തിൽ അവലോകനവും ചെയ്യുന്നുണ്ട്.<br><br>കേസുകളിൽപ്പെട്ട വാഹനങ്ങളുടെ വേഗത്തിലുള്ള ഡിസ്പോസലിനായി കോടതിയിൽ നിന്നും അനുമതി നേടിയെടുക്കുന്നതിന് ബന്ധപ്പെട്ട കോടതികളിൽ അപേക്ഷ സമർപ്പിക്കുന്നതിനും എന്നിട്ടും അനുമതി ലഭിക്കാത്ത പക്ഷം ഇക്കാര്യം ബഹു ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അനുമതി നേടിയെടുക്കുന്നതിന്, കേസുകളുടെയും വാഹനങ്ങളുടെയും വിശദാംശങ്ങൾ സർക്കാരിൽ സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ